# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.4625 22-03-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ. വി.ടി. ബൽറാം

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**മാന്ദ്യവിരുദ്ധ പാക്കേജ്**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് പ്രത്യേക മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; | മുരടിച്ചുകൊണ്ടിരിക്കുന്ന കേരള സമ്പദ് ഘടനയെ ഉത്തേജിപ്പിച്ച് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച ഉറപ്പുവരുത്തുന്നതിനായാണ് 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതി എന്ന സ്കീം പ്രഖ്യാപിച്ചിട്ടുള്ളത്. 1999-ലെ കിഫ്ബി ആക്ട് പരിഷ്ക്കരിച്ചു കൊണ്ട് സെബിയും ആർബിഐയും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി ഏതാണ്ട് 54,000/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. സാമ്പത്തിക മാന്ദ്യം നേരിടുന്നതിനായി പ്രഖ്യാപിച്ച ഈ മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി ജലസേചനം, ആരോഗ്യം, വിദ്യാഭ്യാസം, ഊർജ്ജം, റോഡുകൾ, പാലങ്ങൾ തുടങ്ങിയ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി സമർപ്പിക്കപ്പെട്ട പദ്ധതികളിൽ കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമായ |
| (ബി) | ഏതെല്ലാം മേഖലകളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | |

| | | |
|---|---|---|
| | | 19,938 കോടി രൂപയുടെ പദ്ധതികൾ ബോർഡ് അംഗീകരിച്ചിട്ടുണ്ട്. |
| (സി) | ഈ പാക്കേജിനുള്ള വിഭവസമാഹരണം എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദീകരിക്കുമോ ; | മോട്ടോർ വാഹന നികുതിയുടെ ഒരുഭാഗം, പെട്രോളിയം സെസ്സ് എന്നിവയിൽ നിന്നുള്ള വരുമാനം, നബാർഡ് പോലെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, മസാല ബോണ്ടുകൾ തുടങ്ങിയവ പുറപ്പെടുവിച്ചും കെ.എസ്.എഫ്.ഇ ആരംഭിക്കുന്ന പ്രവാസി ചിട്ടിയിലൂടെ ലഭിക്കുന്ന വരുമാനം ബോണ്ടുകളായി നിക്ഷേപിച്ചും കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വരുമാനം കണ്ടെത്തുന്നതിനു ഉദ്ദേശിക്കുന്നു. |
| (ഡി) | പാക്കേജ് നടപ്പാക്കാൻ എത്ര കോടി രൂപ വേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | ഏതാണ്ട് 54,000/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

അക്കൗണ്ട്സ് ഓഫീസർ